പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 280

22.02.2016- ൽ മറുപടിക്ക്

## വയോജനങ്ങളെ സംബന്ധിക്കുന്ന നിയമങ്ങൾ

ചോദ്യം

ശ്രീ.പി.ടി.എ റഹീം
ശ്രീ.കോടിയേരി ബാലകൃഷ്ണൻ
ശ്രീ.ബി.ഡി.ദേവസ്സി
ശ്രീമതി.പി.അയിഷാ പോറ്റി

ഉത്തരം

ഡോ. എം.കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വയോജനങ്ങളെ സംബന്ധിക്കുന്ന നിയമങ്ങളെക്കുറിച്ചും അവർ നേരിടുന്ന വിവിധ പ്രശ്നങ്ങളെ സംബന്ധിച്ചും പഠിക്കാനായി സർക്കാർ കമ്മീഷനെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ കമ്മീഷന്റെ പരിഗണന വിഷയങ്ങൾ എന്തെല്ലാമാണ് ; | (എ) | വയോജനങ്ങളെ സംബന്ധിക്കുന്ന നിയമങ്ങളെക്കുറിച്ചും അവർ നേരിടുന്ന പ്രശ്നങ്ങളെ സംബന്ധിച്ചും പഠിക്കാനായി സർക്കാർ കമ്മീഷനെ നിയോഗിച്ചിട്ടില്ല. |
| (ബി) | വയോജനങ്ങളുമായി ബന്ധപ്പെട്ട് നിലവിൽ സംസ്ഥാനത്ത് നടപ്പാക്കി വരുന്ന നിയമങ്ങൾ ഏതെല്ലാമാണ് ; ഇവ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ; | (ബി) | The Maintenance and Welfare of Parents and Senior Citizen Act 2007 എന്ന കേന്ദ്ര നിയമമാണ് വയോജനങ്ങളുമായി ബന്ധപ്പെട്ട് നിലവിൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന നിയമം. നിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് വിലയിരുത്തൽ നടത്തുന്നുണ്ട്. മേൽപ്പറഞ്ഞ നിയമ പ്രകാരം രൂപീകരിച്ചിട്ടുള്ള ട്രൈബ്യൂണലുകൾ മുമ്പാകെ ലഭ്യമാകുന്ന കേസുകളുടെ വിവരങ്ങൾ ശേഖരിക്കാറുണ്ട്. |
| (സി) | നിയമം നടപ്പാക്കുന്നതിലെ പോരായ്മകൾ എന്തെല്ലാമാണ് എന്നറിയിക്കാമോ ; ഇവ പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (സി) | The Maintenance and Welfare of Parents and Senior Citizen Act 2007 അനുസരിച്ച് റവന്യൂ ഡിവിഷണൽ ഓഫീസർമാരെ പ്രിസൈഡിംഗ് ഓഫീസർമാരായി നിയമിച്ചു കൊണ്ടാണ് മെയിന്റനൻസ് ട്രൈബ്യൂണലുകൾ രൂപീകരിച്ചിരിക്കുന്നത്. ഉത്തരവാദിത്വപ്പെട്ട മറ്റു ജോലികൾക്കൊപ്പം മെയിന്റനൻസ് ട്രൈബ്യൂണലുകളുടെ |

| | | | |
|---|---|---|---|
| | | | വരുന്നത് കാരണം പരാതികളിന്മേലുള്ള തീർപ്പ് കൽപ്പിക്കുന്നതിന് കാലതാമസം നേരിടുന്നുണ്ടെന്ന പോരായ്മ സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.<br>പോരായ്മകൾ പരിഹരിക്കാനായി വകുപ്പ് സെക്രട്ടറി തലത്തിൽ വീഡിയോ കോൺഫറൻസുകൾ വഴി റിവ്യൂ നടത്താറുണ്ട്. കൂടാതെ കളക്ടേഴ്സ് കോൺഫറൻസിലും ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യാറുണ്ട്. |

Manoharan

**സെക്ഷൻ ഓഫീസർ**